**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2596** **24-06-2024 - ൽ മറുപടിയ്ക്ക്**

**കയർ മേഖലയിലെ വൈവിധ്യവൽക്കരണ പദ്ധതികളുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ വി ജോയി,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീമതി ദെലീമ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കയർ മേഖലയിൽ നടപ്പാക്കുന്ന വികസന-ക്ഷേമ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. കയർ വ്യവസായത്തിന്റെ സമസ്ത മേഖലയുടേയും വികസനത്തിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ച് കയർ വികസന വകുപ്പിന് കീഴിലുള്ള 10 പ്രോജക്ട് ഓഫീസുകൾ വഴിയും കയർഫെഡ്, കേരള സംസ്ഥാന കയർ കോർപ്പറേഷൻ, കേരള സ്റ്റേറ്റ് കയർ മെഷീനറി മാനുഫാക്ചറിംഗ് കമ്പനി, ഫോമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിലൂടെയും നടപ്പിലാക്കി വരുന്നു. യന്ത്രവത്കരണത്തോടൊപ്പം പരമ്പരാഗത കയർ തൊഴിലാളികൾക്ക് വിപണി മൂല്യമുള്ള നവീന ഉൽപ്പന്നങ്ങൾ നിർമ്മിച്ചെടുക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. പരമ്പരാഗത കയർ തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് പദ്ധതിയിലൂടെ കൂലി വിഹിതം സർക്കാർ നൽകി വരുന്നുണ്ട്. സഹകരണസംഘം സെക്രട്ടറിമാർക്കുള്ള മാനേജീരിയൽ ഗ്രാന്റ്, കയർ സംഘങ്ങൾക്കുള്ള പ്രൊഡക്ഷൻ & മാർക്കറ്റിംഗ് ഇൻസെന്റീവ് , പ്രവർത്തന മൂലധനം മുതലായ സർക്കാർ സഹായങ്ങളും അനുവദിച്ചു വരുന്നുണ്ട്. |
| (ബി) | ഈ മേഖലയിൽ നടപ്പാക്കിവരുന്ന വൈവിധ്യവൽക്കരണ പദ്ധതികളുടെ പുരോഗതി വിശദമാക്കുമോ; | (ബി) | കയർ മേഖലയിൽ ഉൽപ്പന്ന വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ ഭോപ്പാലുമായി ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. ആകർഷകമായതും വിദേശ വിപണിക്ക് അനുസൃതവുമായ ഡിസൈനുകളിലുള്ള കയറുൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് ഇത് സഹായകരമാകും. |

| | | | |
|---|---|---|---|
| | | | കൂടാതെ കയർ കോർപറേഷന്റെ വിവിധ യൂണിറ്റുകളിൽ ആധുനിക യന്ത്രങ്ങൾ സ്ഥാപിച്ച് ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ ഉത്പാദിപ്പിച്ചു വിതരണം ചെയ്തു വരുന്നു.<br><br>മാർക്കറ്റ് ഡിമാൻഡുള്ള മറ്റ് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനു പരിശീലന പദ്ധതി സർക്കാർ അംഗീകാരത്തോടു കൂടി കയർ കോർപറേഷനിൽ തുടങ്ങുകയും ഇതിന്റെ ആദ്യ രണ്ടു ബാച്ച് ട്രെയിനിങ് പൂർത്തീകരിക്കുകയും മൂന്നാമത്തെ ബാച്ചിന്റെ ട്രെയിനിങ് നടന്നു വരികയുമാണ്. |
| (സി) | കയർ മേഖലയിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ സംസ്ഥാനത്തുനിന്നുള്ള കയറുൽപ്പന്നങ്ങളുടെ കയറ്റുമതിയിൽ വർദ്ധനവുണ്ടാകുന്നതിന് സഹായകമായിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഉണ്ട്. 2023-24 കാലയളവിൽ 10.05 കോടി രൂപയുടെ ഉൽപ്പന്നങ്ങളും 2024-25 നാളിതുവരെ 1.50 കോടി രൂപയുടെ ഉൽപ്പന്നങ്ങളും കയർ കോർപ്പറേഷന് കയറ്റുമതി ചെയ്യാൻ സാധിച്ചിട്ടുണ്ട്. ഇതോടൊപ്പം ലോക വാണിജ്യ രംഗത്തെ പ്രമുഖ സ്ഥാപനമായ വാൾമാർട്ടുമായി കയർ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് ധാരണയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ